# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1159 — 13/06/2013ൽ മറുപടിയ്ക്ക്

## സർവ്വേ സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.പാലോട് രവി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർവ്വേ സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;<br>(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) യും (ബി) യും ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാമിന്റെ (NLRMP) 100% CSS-ൽ ഉൾപ്പെടുത്തി കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ കീഴിൽ സ്ഥാപിതമായ സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ (CDC) മുഖാന്തിരം സംസ്ഥാനത്തെ ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർവത്ക്കരണം ജോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) എന്ന നൂതനമായ കമ്പ്യൂട്ടർ മാപ്പിംഗ് സംവിധാനത്തിന്റെ സഹായത്താൽ സാധ്യമാക്കുകയാണ് പ്രസ്തുത പദ്ധതി ലക്ഷ്യംവയ്ക്കുന്നത്. |
| (സി) പദ്ധതിയുമായി ബന്ധപ്പെട്ട ഏജൻസികൾ ഏതെല്ലാമാണ് ; | (സി) സർവ്വെ & ലാന്റ് റിക്കാർഡ് ഡിപ്പാർട്ട്മെന്റിലെ സെൻട്രൽ സർവ്വെ ഓഫീസ്, കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ എന്നിവയാണ്. |
| (ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഡി) NLRMP പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര ഫണ്ട് ഉപയോഗിച്ച് പൊതുമേഖലാ സ്ഥാപനമായ HLL മുഖേന പബ്ലിക് ഓഫീസ് ബിൽഡിംഗിൽ സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ സ്ഥാപിക്കുകയും ഇതിന്റെ ഔപചാരിക ഉദ്ഘാടനം 23/01/13-ാം തീയതി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യപടിയായി ആലപ്പുഴ ജില്ലയിലെ സർവ്വെ റിക്കാർഡുകളുടെ ജോലികളാണ് ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ